(ബി) കണ്ണൂർ ജില്ലയിലെ ഇടയ്ക്കാട് ബ്ലോക്കിലെ മത്സ്യബന്ധന മേഖലയിലെ റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി പ്രസ്തുത പദ്ധതിയുടെ ഭാഗമായി തുക അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെ സംബന്ധിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) പ്രസക്തമല്ല.

മത്സ്യ ബൂത്തുകൾ

92 (1654) ശ്രീ. സി. എഫ് തോമസ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മത്സ്യ ബൂത്തുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ ;

(സി) മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട് ;

(ഡി) സംസ്ഥാനത്ത് മത്സ്യ ഗവേഷണ കേന്ദ്രം ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് മത്സ്യ ബൂത്തുകൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്.

(ബി) മത്സ്യഫെഡ് മുഖേന സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി, 99 ബൂത്തുകൾ സ്ഥാപിച്ചിട്ടുണ്ട്. എൻ.സി.ഡി.സി. യുടെയും കേന്ദ്ര ഭക്ഷ്യ സംസ്ക്കരണമന്ത്രാലയത്തിന്റെയും സഹായത്തോടെ 100 മത്സ്യ ബൂത്തുകളും മത്സ്യ വിപണന കേന്ദ്രങ്ങളും ആരംഭിക്കുന്നതിനു മുന്നോടിയായി വിവിധ ജില്ലകളിൽ 26 കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംയോജിത മത്സ്യ വികസന പദ്ധതി പ്രകാരം വിവിധ ജില്ലകളായി 73 മത്സ്യ ബൂത്തുകളും മത്സ്യഫെഡ് ആരംഭിച്ചിട്ടുണ്ട്. ഇതിനും പുറമെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിവിധ ജില്ലകളിലായി മത്സ്യ ബൂത്തുകൾ സ്ഥാപിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) എറണാകുളം ജില്ലയിൽ മത്സ്യഫെഡ് 600 ടൺ കപ്പാസിറ്റിയുള്ള മത്സ്യ ശീതീകരണശാല പ്രവർത്തനം നടത്തിവരുന്നു.

(ഡി) ഇക്കാര്യത്തിലുള്ള നിർദ്ദേശമൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ഇ) പ്രസക്തമല്ല.

മത്സ്യത്തൊഴിലാളികൾക്ക് പെൻഷൻ

93 (1655) ശ്രീ. പി. ജെ ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ എത്ര മത്സ്യത്തൊഴിലാളികൾക്ക് പെൻഷൻ നൽകിയിരുന്നു ;

(ബി) ഇപ്പോൾ എത്ര മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി പെൻഷൻ നൽകുന്നുണ്ട് ;

(സി) ഇപ്പോൾ മത്സ്യത്തൊഴിലാളി പെൻഷൻ എത്ര മാസത്തെ കുടിശ്ശികയുണ്ട് ;

(ഡി) ഈ കുടിശ്ശിക നൽകുവാൻ എത്ര തുക വേണ്ടിവരും ;

(ഇ) ഇതു എന്നത്തേയ്ക്ക് കൊടുത്തുതീർക്കാൻ കഴിയും എന്നറിയിക്കുമോ ;

ഉത്തരം

(എ) 25736 മത്സ്യത്തൊഴിലാളികൾക്ക് പെൻഷൻ നൽകിയിരുന്നു.

(ബി) 27240 മത്സ്യത്തൊഴിലാളികൾക്ക് പെൻഷൻ നൽകി വരുന്നുണ്ട്.

(സി) 16 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്.

(ഡി) 4.63 കോടി രൂപ.

(ഇ) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൊടുത്തു തീർക്കുന്നതാണ്.

മത്സ്യത്തൊഴിലാളികളുടെ പെൻഷൻ

94 (1656) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ പെൻഷൻ സംഖ്യ വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(ബി) പെൻഷൻ ഏതു മാസംവരെ കൊടുത്തു ; കുടിശ്ശിക സംഖ്യ കൊടുക്കാൻ നടപടി സ്വീകരിക്കാമോ ;

(സി) മത്സ്യത്തൊഴിലാളികൾക്ക് വീടുവച്ചുകൊടുക്കുന്ന പദ്ധതിപ്രകാരം തൃശ്ശൂർ ജില്ലയിൽ കഴിഞ്ഞ 5 വർഷക്കാലമായി എത്രപേർക്ക് വീടുനൽകി ; ഈ പദ്ധതിപ്രകാരമുള്ള വീടു നൽകുന്നതിന് അനുവദിച്ച സംഖ്യ ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly